പോലീസുകാർ കുറ്റവാളികളായിട്ടുള്ള സംഭവങ്ങൾ

90 (90) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാർ കുറ്റവാളികളായിട്ടുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ മോഷണം, കബളിപ്പിക്കൽ, ബലാൽസംഗം, പിടിച്ചുപറി, ദേഹോപദ്രവം, എന്നിവയുൾകൊള്ളുന്ന എത്ര കേസ്സുകളുണ്ട് ;

(സി) പോലീസുകാർ കുറ്റവാളികളായ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാറുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 653 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

മോഷണം	18
കബളിപ്പിക്കൽ	43
ബലാൽസംഗം	6
പിടിച്ചുപറി	12
ദേഹോപദ്രവം	345

(സി) നിയമനടപടികളും വകുപ്പിലെ ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

91 (91) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ട് വരുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിന്റെ ഫലമായി സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ചില ജില്ലകളിൽ ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്.

(ബി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് പോലീസ് ഹെഡ്ക്വോർട്ടേഴ്സിൽ പോലീസ് ഡയറക്ടർ ജനറലിന്റെ കീഴിലും ജില്ലകൾതോറും ജില്ലാപോലീസ് സൂപ്രണ്ട്/പോലീസ് കമ്മീഷണറുടെ കീഴിലും വനിതാസെല്ലുകൾ രൂപീകരിച്ച് സ്ത്രീകളുടെ പരാതികൾ പ്രത്യേകമായി അന്വേഷിച്ചു വരുന്നു. വനിതാ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്. ബലാൽസംഗക്കേസുകൾ പോലുള്ള ഗുരുതരമായ കേസുകൾ ഉണ്ടാകുമ്പോൾ വനിതാസെല്ലിലെ ഉദ്യോഗസ്ഥർ പരാതിക്കാരെ നേരിട്ട് കണ്ട് അവർ കേസിന്റെ അന്വേഷണത്തിൽ തൃപ്തരാണോ എന്ന വിവരം നേരിട്ട് ആരായണമെന്നും പരാതിക്കാർ തൃപ്തരല്ല എന്ന വിവരം ലഭിച്ചാൽ ബന്ധപ്പെട്ട എസ്.പി.ക്ക് ഈ വിവരം സൂചിപ്പിച്ചുകൊണ്ട് റിപ്പോർട്ട് അയയ്ക്കണമെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. സ്ത്രീപീഡനം സംബന്ധമായി രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുന്നതിനും കുറ്റപത്രം അധികാരപരിധിയിലുള്ള കോടതികളിൽ ഫയൽ ചെയ്യുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

പോലീസ് സേനാ നവീകരണം

92 (92) ശ്രീ. പി. സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയെ നവീകരിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്ക്കരിച്ചുവോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ബി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) അന്വേഷണങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിവരിക്കുമോ ;

(ഡി) പോലീസ് വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ഇ) കേസന്വേഷണങ്ങൾ വേഗത്തിലാക്കുന്നതിന് എന്തുനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(എഫ്) ഇതിനായി കൂടുതൽ ഫോറൻസിക് ലാബുകൾ ആരംഭിക്കുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് സേനയെ നവീകരിക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിനായി ഉദ്ദേശം 460 കോടി രൂപയുടെ ഒരു പദ്ധതി വിഭാവനം ചെയ്തു വരുന്നു.

(സി) കുറ്റാന്വേഷണത്തിൽ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തെ സംബന്ധിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ്, ഹൈദ്രാബാദിലെ സെൻട്രൽ ഡിക്ടറ്റീവ് ട്രെയിനിംഗ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുകയും ഇൻവെസ്റ്റിഗേഷൻ

LIBRARY ARCHIVES Kerala Legislative Assembly